# കേരളസർവകലാശാല

നം.പി.ആർ.124/2022

## പത്രക്കുറിപ്പ്

### പരീക്ഷാഫലം

കേരളസർവകലാശാല 2022 മാർച്ചിൽ നടത്തിയ ബി.കോം. ആന്വൽ സ്കീം പാർട്ട് മൂന്ന് സപ്ലിമെന്ററി (സെപ്റ്റംബർ 2021 സെഷൻ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായും ഓഫ്ലൈെനായും ജൂൺ 25 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാലയുടെ മൂന്നാം സെമസ്റ്റർ ബി.ടെക്. (2013 സ്കീം), ഒക്ടോബർ 2021 പരീക്ഷയിലെ കെമിക്കൽ എഞ്ചിനീയറിംഗ്, മെക്കാനിക്കൽ പ്രൊഡക്ഷൻ എഞ്ചിനീയറിംഗ് എന്നീ ബ്രാഞ്ചുകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിന് ജൂൺ 22 വരെ അപേക്ഷിക്കാം. മൂന്നാം സെമസ്റ്റർ ബി.ടെക്. (2013 സ്കീം) പരീക്ഷയുടെ മറ്റു ബ്രാഞ്ചുകളുടെയും പുനർമൂല്യനിർണ്ണയത്തിന് അപേക്ഷിക്കുന്നതിനുളള അവസാന തീയതി ജൂൺ 17 ൽ നിന്നും ജൂൺ 22 വരെ നീട്ടിയിരിക്കുന്നു.

### പ്രാക്ടിക്കൽ

കേരളസർവകലാശാലയുടെ രണ്ടാം സെമസ്റ്റർ എം.എസ്സി. സ്റ്റാറ്റിസ്റ്റിക്സ് വിത്ത് സ്പെഷ്യലൈസേഷൻ ഇൻ ഡേറ്റ അനലിറ്റിക്സ് (ന്യൂജൻ കോഴ്സ്) പരീക്ഷയുടെ പ്രാക്ടിക്കൽ ജൂൺ 17 ന് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

### ടൈംടേബിൾ

കേരളസർവകലാശാല 2022 ജൂൺ 28 ന് ആരംഭിക്കുന്ന ആറാം സെമസ്റ്റർ സി.ബി.സി.എസ്. ബി.എ., ബി.എസ്സി., ബി.കോം. (സപ്ലിമെന്ററി – 2016 അഡ്മിഷൻ, മേഴ്സിചാൻസ് – 2015 അഡ്മിഷൻ) പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാലയുടെ എട്ടാം സെമസ്റ്റർ ബി.ടെക്. സപ്ലിമെന്ററി (2013 സ്കീം) & സെഷണൽ ഇംപ്രൂവ്മെന്റ് (2008 & 2013 സ്കീം), മെയ് 2022 പരീക്ഷ ജൂൺ 27 മുതൽ ആരംഭിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാലയുടെ ആറാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ്. (സി.ആർ.) ബി.എ., ബി.എസ്സി., ബി.കോം., ബി.പി.എ., ബി.ബി.എ., ബി.സി.എ., ബി.എം.എസ്., ബി.എസ്.ഡബ്ല്യൂ., മെയ് 2022 (സപ്ലിമെന്ററി – 2016 അഡ്മിഷൻ, മേഴ്സിചാൻസ് – 2015 അഡ്മിഷൻ) പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പെൻഷൻ/ഫാമിലി പെൻഷൻ – മസ്റ്ററിംഗ് ജൂൺ 30 വരെ

കേരളസർവകലാശാലയിൽ നിന്നും പെൻഷൻ/ഫാമിലി പെൻഷൻ കൈപ്പറ്റുന്ന വർക്കായുള്ള 2022 – 2023 വർഷത്തെ മസ്റ്ററിംഗ് 2022 ജൂൺ 30 വരെ നീട്ടിയിരിക്കുന്നു. ഇതിനായി പെൻഷൻകാർക്ക് ജീവൻപ്രമാൺ പോർട്ടൽ വഴി ഓൺലൈനായോ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ ലൈഫ് സർട്ടിഫിക്കറ്റ് ഫിനാൻസ് ഓഫീസർ, കേരളസർവ കലാശാല, പാളയം, തിരുവനന്തപുരം – 34 എന്ന വിലാസത്തിൽ തപാൽ മാർഗ്ഗം അയ ച്ചോ, നേരിട്ട് ഹാജരായോ മസ്റ്റർ ചെയ്യാവുന്നതാണ്.

ജീവൻപ്രമാൺ പോർട്ടൽ വഴി പെൻഷൻകാർക്ക് പി.പി.ഒ.നമ്പർ, ആധാർ നമ്പർ, മൊബൈൽഫോൺ നമ്പർ, ബാങ്ക് അക്കൗണ്ട് നമ്പർ എന്നീ രേഖകളോടെ പോസ്റ്റ് ഓഫീ സ്, അക്ഷയ ജനസേവന കേന്ദ്രങ്ങളിൽ നിന്നും ഓൺലൈനായി മസ്റ്റർ ചെയ്യാവുന്നതാ ണ്.

## സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ അറബിക് ടൈപ്പിംഗ്

കേരളസർവകലാശാലയുടെ കാര്യവട്ടത്തുള്ള അറബിക് പഠനവകുപ്പ് നടത്തിവരുന്ന മൂന്നുമാസ പാർട്ട് ടൈം അറബിക് ടൈപ്പിംഗ് കോഴ്സിന്റെ ഏഴാമത് ബാച്ചിലേക്ക് അപേക്ഷ ക്ഷണിച്ചു. യോഗ്യത: പ്ലസ്ടു, ഫീസ്: 3000/-, അപേക്ഷ ഫോം കാര്യവട്ടത്തുള്ള അറബിക് പഠനവകുപ്പിൽ/വെബ്സൈറ്റിൽ (www.arabicku.in) ലഭിക്കുന്നതാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജൂൺ 17. ഫോൺ: 9633812633/0471 2308846 (ഓഫീസ് പ്രവർത്തി സമയങ്ങളിൽ മാത്രം)

തിരുവനന്തപുരം,
15.06.2022.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries **helpdesk@keralauniversity.ac.in, examhelpdesk1@keralauniversity, examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**